LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് വ്യവസായ ഓഫീസുകൾ നിർത്തലാക്കുന്നതു സംബന്ധിച്ച്

14 [1153] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വ്യവസായ ഓഫീസുകൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഓഫീസുകളാണ് നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ നിർത്തലാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഭക്ഷ്യ സംസ്കരണ യൂണിറ്റിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച തുക

15 [1154] ശ്രീ. യു. സി. രാമൻ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ മേൽനോട്ടത്തിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റിനു വേണ്ടി എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചത്;

(ബി) ഏതൊക്കെ യൂണിറ്റുകൾക്കാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ വിവിധ ധനസഹായ പദ്ധതികളുടെ കേരളത്തിലെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കിൻഫ്ര നോഡൽ ഏജൻസിയായതിന് ശേഷം 61 ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾക്ക് കേന്ദ്ര ധനസഹായത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ഏഴ് ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് നാളിതുവരെ 199.56 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം IV.